**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ വി ജോയി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപകമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം, ജനകീയ മത്സ്യകൃഷി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് മത്സ്യകൃഷി, റിസർവോയറുകളിലെ കൂട്ട മത്സ്യകൃഷി, ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറു കളിൽ പി.എം.എം.എസ്.വൈ പദ്ധതി യിലുൾപ്പെടുത്തി 16 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 66.62 കോടി രൂപയും, പിന്നാമ്പുറ വിത്തുൽപ്പാദന യൂണിറ്റുകൾക്കായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി, സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, ഒരു നെല്ലും ഒരു മീനും കൃഷി, അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി, ഓരുജല വിശാല മത്സ്യകൃഷി, ശാസ്ത്രീയ ചെമ്മീൻ കൃഷി, ഞണ്ടു കൃഷി/കൊഴുപ്പിക്കൽ, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കൂട്ട മത്സ്യകൃഷി, കല്ലുമ്മേക്കായ കൃഷി, പിന്നാമ്പുറങ്ങളിലെ കരിമീൻ/വരാൽ വിത്തുല്പാദനം എന്നിവ മത്സ്യകൃഷി പദ്ധതി ഘടകങ്ങളാണ്. |
| (ബി) | സ്വകാര്യ സംരംഭങ്ങൾക്കും വ്യക്തികൾക്കും | (ബി) | സ്വകാര്യ സംരംഭങ്ങൾക്കും വ്യക്തികൾക്കും മത്സ്യകൃഷി |

| | | | |
|---|---|---|---|
| | മത്സ്യകൃഷി ആരംഭിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് അറിയിക്കാമോ; | | ആരംഭിക്കുന്നതിനായി കൃഷി രീതിയ്ക്കനുസൃതമായി യൂണിറ്റ് ചെലവിന്റെ 40% വരെ ധനസഹായം അനുവദിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് പ്രവർത്തന ചെലവിന്റെ 20%വും ധനസഹായമായി അനുവദിക്കുന്നു. |
| (സി) | മത്സ്യവിത്തുകളുടെയും തീറ്റയുടെയും വിതരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | വകുപ്പിനു കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു .<br><br>കൂടാതെ കർഷകർക്ക് ആവശ്യമുള്ള മറ്റ് വിത്തിനങ്ങൾ അഡാക്ക് വഴി വിതരണം ചെയ്യുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അഡാക്ക് മുഖേന മിതമായ നിരക്കിൽ മത്സ്യതീറ്റ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. |
| (ഡി) | വംശ നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാടൻ മത്സ്യങ്ങളുടെ സംരക്ഷണവും വ്യാപനവും ലക്ഷ്യമാക്കി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാടൻ മത്സ്യങ്ങളുടെ സംരക്ഷണവും വ്യാപനവും ലക്ഷ്യമാക്കി സംസ്ഥാനത്തെ വിവിധ ഹാച്ചറികളിൽ വരാൽ, നാരൻ ചെമ്മീൻ, കാരി, മഞ്ഞക്കൂരി, കരിമീൻ, നാടൻ മുഷി, പച്ചിലവെട്ടി, കല്ലേമുട്ടി, ഈറ്റ പച്ചില, ചെങ്കുന്നിയാൻ തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുകയും മത്സ്യകൃഷിയ്ക്കും റാഞ്ചിംഗിനും പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്. |
| (ഇ) | ഉൾനാടൻ മത്സ്യ ഉല്പാദനം വ്യാപിപ്പിക്കുന്നതോടൊപ്പം അവയുടെ വിപണനവും ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോയെന്നറിയിക്കാമോ? | (ഇ) | ഉൾനാടൻ മത്സ്യത്തിന്റെ വിപണി ഉറപ്പാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്ന് വിവിധ നിയോജക മണ്ഡലത്തിലായി 113 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ വഴി ഉൾനാടൻ മത്സ്യത്തിന്റെ വിപണനം നടന്നു വരുന്നു . കൂടാതെ കേന്ദ്ര സർക്കാരിന്റെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി കക്കി (പത്തനംതിട്ട), പെരുവണ്ണാമൂഴി (കോഴിക്കോട്), കാരാപ്പുഴ & ബാണാസുരസാഗർ (വയനാട്) എന്നീ ജല സംഭരണികളിലായി നടത്തി വരുന്ന കൂടുമത്സ്യകൃഷിയോടനുബന്ധിച്ച് വിവിധ യിടങ്ങളിൽ മത്സ്യ വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ